I/85940/2024

**ഭരണഭാഷ - മാതൃഭാഷ**

Registered Tapal

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ശ്രീ.ആന്റണി മാത്യൂ, ക്ലാർക്ക്, സർക്കാർ പോളിടെക്നിക്ക് കോളേജ്, നെടുങ്കണ്ടം - ശൂന്യവേതനാവധി കാലയളവ് പൂർത്തിയാക്കി - ക്ലാർക്ക് തസ്തികയിൽ പുനർ നിയമനം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ജീവനക്കാര്യം (ഡി) വിഭാഗം

നം:ഇഡി1/3230/2024/ഡിടിഇ                    തിരുവനന്തപുരം 03-05-2024

---

*വായന:*-1.07.05.2014 ലെ ഈ കാര്യാലയത്തിലെ ഇഡി4/13425/14/ഡിടിഇ നമ്പർ നടപടികൾ

2.18.05.2015 ലെ ഈ കാര്യാലയത്തിലെ ഇഡി4/13425/14/ഡിടിഇ നമ്പർ നടപടികൾ

3.23.03.2019 ലെ ഈ കാര്യാലയത്തിലെ ഇഡി4/13425/14/ഡിടിഇ നമ്പർ നടപടികൾ

4.15.03.2024 ലെ ശ്രീ.ആന്റണി മാത്യൂ ക്ലാർക്ക് (ശൂന്യവേതനാവധിയിലുള്ള) - ന്റെ അപേക്ഷ

**<u>ഉത്തരവ്</u>**

നെടുങ്കണ്ടം സർക്കാർ പോളിടെക്നിക്ക് കോളേജിലെ ക്ലാർക്കായിരുന്ന ശ്രീ.ആന്റണി മാത്യൂവിന് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I പരിശിഷ്ടം XII A യിലെ വ്യവസ്ഥകൾ പ്രകാരം വായനയിലെ നടപടികളിലൂടെ അനുവദിക്കപ്പെട്ട ശൂന്യവേതനാവധി കാലയളവ് 19.05.2024 ൽ പൂർത്തിയാകുന്നതിനാൽ, തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് വായന (4) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു.

അതിനാൽ, വായന ഉത്തരവുകളിലൂടെ അനുഭവിച്ച് വരുന്ന ശൂന്യവേതനാവധി കാലയളവ് 19.05.2024 ൽ പൂർത്തിയാകുന്ന സാഹചര്യത്തിലും, വായന (4) ലെ ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലും, അടിമാലി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലെ ക്ലാർക്ക് തസ്തികയുടെ തുറന്ന ഒഴിവിൽ 20.05.2024 പൂർവ്വാഹനം പ്രാബല്യത്തിൽ ക്ലാർക്ക് ശ്രീ.ആന്റണി മാത്യൂവിന് പുനർ നിയമനം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

20.05.2024 പൂർവ്വാഹനം പ്രാബല്യത്തിൽ അടിമാലി സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് മുൻപാകെ ഈ ഉത്തരവ് സഹിതം ശ്രീ.ആന്റണി മാത്യൂ ജോലിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

I/85940/2024

ടിയാന്റെ പ്രവേശന വിവരം യഥാസമയം അറിയിക്കേണ്ടതാണ്.

Sunil Kumar C V
SENIOR ADMINISTRATIVE OFFICER

To

**1.ശ്രീ.ആന്റണി മാത്യൂ, കരിമറ്റത്തിൽ, മേലെകുപ്പച്ചംപടി.പി.ഒ, ഇടുക്കി - 685510 (രജി തപാൽ എ.ഡി കാർഡ് സഹിതം)**

2. പ്രിൻസിപ്പാൾ,സർക്കാർ പോളിടെക്നിക്ക് കോളേജ്, നെടുങ്കണ്ടം

3. സൂപ്രണ്ട്,സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ,അടിമാലി

4. സൂപ്രണ്ട്,ജീവനക്കാര്യം (ജി),ഡിടിഇ

5. ഇ - ഓഫീസ് കരുതൽ സഞ്ചയം

Signed by
Sunil Kumar C V
Date: 03-05-2024 12:44:41